**പതിമൂന്നാം കേരളനിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 2540**

**19.03.2015 ലെ മറുപടിയ്ക്ക്**

## കുറ്റ്യാടി ഇറിഗേഷൻ പ്രോജക്റ്റ്

**ചോദ്യം**

**ശ്രീ.കെ.ദാസൻ**

എ) കൊയിലാണ്ടി മണ്ഡലത്തിലെ പല പ്രദേശത്തും കടുത്ത ശുദ്ധജല ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ബി) പ്രസ്തുത പ്രദേശങ്ങളിൽ വരൾച്ച കാലത്ത് ശുദ്ധജലം ലഭ്യമാവുന്നതിന് പ്രയോജനപ്പെടുത്തിയിരുന്ന കുറ്റ്യാടി ഇറിഗേഷൻ പ്രോജക്റ്റിന്റെ കീഴിലുള്ള കനാലുകൾ നവീകരിക്കുന്നതിനോ തുറന്നുവിടുന്നതിനോ ഇതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

സി) വരൾച്ച പ്രദേശത്തേയ്ക്ക് ജലം ലഭ്യമാക്കുന്നതിന് അടിയന്തിരമായി പ്രസ്തുത കനാലുകൾ തുറന്നുവിടാൻ നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

ശ്രീ.പി.ജെ.ജോസഫ്
(ബഹു.ജലവിഭവ വകുപ്പ് മന്ത്രി)

എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബി) & സി) കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാൽ 20.2.2015 ന് തുറന്നിട്ടുണ്ട്. ജലവിതരണത്തിന് മുമ്പായി MNREGS (തൊഴിലുറപ്പ് പദ്ധതി) പ്രകാരം എല്ലാവർഷവും ചെയ്തുവരുന്ന മണ്ണും, ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ ഈ വർഷം പഞ്ചായത്തുകൾ ഏറ്റെടുക്കാൻ വിസമ്മതിച്ചതിനാൽ ചെയ്യാൻ സാധിച്ചിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ കനാലുകളിലെ മണ്ണ് നീക്കം ചെയ്യുന്നതിന് 28.15 ലക്ഷം രൂപ ഉൾപ്പെടുത്തി പുതുക്കിയ ആക്ഷൻ പ്ലാനിന് ഇപ്പോൾ അംഗീകാരം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ